Jagratha 067

Vol-II, Issue : 33
15-10- 2008

*Kerala Catholic Bishops' Council's*

**Commission for Social Harmony and Vigilance**

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation only )

Commission Chairman
Rt. Rev. Dr. Stanley Roman
Commission Secretary
Fr. Johny Kochuparambil MST

# ജാഗ്രത

Vice-Chairmen
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

01. ഒറ്റപ്പെട്ട സംഭവങ്ങൾ  സഭയുടെ പൊതു വീഴ്ചയായ് ചിത്രീകരിക്കുന്നു: ബിഷപ് അച്ചാരുപറമ്പിൽ
02. മറ്റു മതങ്ങളോടുള്ള ബഹുമാനം ഇൻഡ്യൻ  ഭരണഘടനയുടെ ചൈതന്യം : ജസ്റ്റിസ് സിറിയക് ജോസഫ്.
03. ജീവിത നന്മ നേടേണ്ടത് ദൈവമാർഗ്ഗത്തിലൂടെ : മാർ ജേക്കബ് മനത്തോടത്ത്.
04. മദ്യം കേരള സംസ്ക്കാരത്തെ തകർത്തു : മാർ ആനിക്കുഴിക്കാട്ടിൽ
05. സമാധാനത്തിന്റെ സന്ദേശവാഹകരാകുവാൻ മരിയൻ ദർശനങ്ങൾ ഉൾക്കൊള്ളണം : മാർ പഴയാറ്റിൽ
06. കെ.സി.ബി.സി പ്രോ-ലൈഫ് സമിതി സെക്രട്ടറിയേറ്റ് മാർച്ച് നടത്തും.
07. അൽഫോൻസാമ്മ സഹനത്തിലൂടെ  വിശുദ്ധിയിലേക്ക് : മാർ ദിവന്നാസിയോസ്.
08. ഫ്രാൻസിസ് അസ്സീസി ജീവിതം സുവിശേഷമാക്കിയ വിശുദ്ധൻ : മാർ ജേക്കബ് മനത്തോടത്ത്.
09. സമൂഹത്തിന് ശാന്തിയും നന്മയും ഉണ്ടാകുന്ന കലാരചനകൾ വേണം : ബിഷപ് കല്ലറയ്ക്കൽ.
10. അൽഫോൻസാമ്മ ഭാരതത്തിന്റെ പുണ്യ തേജസ് : ബിഷപ് വിൻസന്റ് സാമുവൽ.

### 01. ഒറ്റപ്പെട്ട സംഭവങ്ങൾ സഭയുടെ പൊതുവീഴ്ചയായി ചിത്രീകരിക്കുന്നു: ഡോ.അച്ചാരുപറമ്പിൽ

(11-10-2008)

എവിടെയെങ്കിലും ഒരു വീഴ്ചയുണ്ടായാൽ, അത് സഭയുടെ പൊതുവായ വീഴ്ചയായി ചിത്രീകരിക്കാനുള്ള ബോധപൂർവമായ ശ്രമം ചില മാധ്യമങ്ങൾ നടത്തുന്നുവെന്നു കെ.സി.ബി.സി. പ്രസിഡന്റ് ആർച്ച് ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ. പി.ഒ. സി.യുടെ റൂബി ജൂബിലിയോടനുബന്ധിച്ച് മുൻ സ്റ്റാഫംഗങ്ങളുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്. കത്തോലിക്കാ സഭയുടെ പൊതുവായ ലക്ഷ്യങ്ങൾ നിറവേറ്റാൻ ഉപയുക്തമായ "ക്രിസ്തുവിൽ ഒന്നാകുക" എന്ന വചനം സാർഥകമാക്കാനാണു പി.ഒ.സി. ശ്രമിക്കുന്നത്. സഭയുടെ തനിമ നിലനിറുത്തിക്കൊണ്ടുള്ള പി.ഒ.സിയുടെ കൂട്ടായ്മാപ്രവർത്തനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു.പി.ഒ.സിയിൽ ദീർഘകാലം ഡയറക്ടറായിരുന്ന പുനലൂർ ബിഷപ്പ് ഡോ. ജോസഫ് കരിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. കേരളസഭ എന്താണെന്നു പരിചയപ്പെടാൻ കഴിഞ്ഞതു പി.ഒ.സിയിലെ 13 വർഷക്കാലത്തെ സേവന കാലഘട്ടത്തിലാണ്. സഭ ഒന്നാണെന്നു പ്രഘോഷിക്കുന്ന ഭൂരിപക്ഷം വിശ്വാസികളുടെ പ്രകാശമയമാർന്ന സാന്നിധ്യം പി.ഒ.സിയുടെ സവിശേഷതയാണ് - ബിഷപ്പ് പറഞ്ഞു. പി.ഒ.സിയുടെ മുൻ ഡയറക്ടർമാർ, വിവിധ കമ്മീഷനിൽ സേവനമനുഷ്ഠിച്ചവർ എന്നിവരുൾപ്പെട്ട അമ്പതോളം പേർ ദ്വിദിന സമ്മേളനത്തിൽ പങ്കെടുത്തു. റവ. ഡോ. സ്റ്റീഫൻ ആലത്തറ, ഫാ.ജോസ് കോട്ടയിൽ, മോൺ. ജോർജ്ജ് ചൂരക്കാട്ട്, റവ.ഡോ. സക്കറിയാസ് പറനിലം, റവ.ഡോ .ജോർജ്ജ് കുരുക്കൂർ എന്നിവർ പ്രസംഗിച്ചു.

### 02. മറ്റു മതങ്ങളോടുള്ള ബഹുമാനം ഇന്ത്യൻ ഭരണഘടനയുടെ ചൈതന്യം: ജസ്റ്റിസ് സിറിയക് ജോസഫ്

(7 10 2008)

മറ്റു മതങ്ങളോടു പുലർത്തുന്ന ബഹുമാനമാണ് ഇന്ത്യൻ ഭരണഘടനയുടെ ചൈതന്യമെന്ന് സുപ്രീംകോടതി ജസ്റ്റിസ് സിറിയക് ജോസഫ് പറഞ്ഞു. പാലാരിവട്ടം പി.ഒ.സിയിൽ ന്യൂമാൻ അസോസിയേഷൻ മതനിരപേക്ഷ രാഷ്ട്രത്തിൽ മതത്തിന്റെ പങ്ക് എന്ന വിഷയത്തിൽ സംഘടിപ്പിച്ച

ചർച്ചാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മതങ്ങളിൽ വിശ്വസിക്കുന്നതിനുംആചാരാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതിനും അത് പ്രഘോഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകിയിട്ടുണ്ട്. ഇതാണ് മറ്റു രാജ്യങ്ങളിൽ നിന്ന് ഇന്ത്യയെ വ്യത്യസ്തമാക്കുന്നത്. മതങ്ങൾ പഠിപ്പിക്കുന്ന മൂല്യങ്ങൾ വ്യക്തികൾ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും അങ്ങനെ സമൂഹം നന്നാവുകയും അതിലൂടെ രാഷ്ട്രം പുരോഗതി പ്രാപിക്കുകയും ചെയ്യുക എന്നതാണ് ഇന്ത്യൻ ഭരണഘടന ലക്ഷ്യമാക്കുന്നത്. സർക്കാരുകൾ മതങ്ങളോടു പുലർത്തേണ്ട കാര്യങ്ങൾ മാത്രമല്ല ഇന്ത്യൻ ഭരണഘടനയിൽ അനുശാസിക്കുന്നത്. മറിച്ച് ഓരോ പൗരനും മറ്റു മതങ്ങളോട് പുലർത്തേണ്ട കാര്യങ്ങളും ഭരണഘടന അനുശാസിക്കുന്നുണ്ട്. ഇത്തരത്തിൽ വ്യക്തികൾ കൂടി മറ്റു മതങ്ങളെ ബഹുമാനിക്കുന്നതിലൂടെ മാത്രമെ ഭരണഘടന ലക്ഷ്യമാക്കുന്ന യഥാർഥ മതേതരത്വം സാധ്യമാവൂ - അദ്ദേഹം പറഞ്ഞു. കോട്ടപ്പുറം രൂപതാ മെത്രാൻ റവ.ഡോ.ഫ്രാൻസിസ് കല്ലറക്കൽ അധ്യക്ഷത വഹിച്ചു. സ്വാമി പുരന്ദരാനന്ദ, ജസ്റ്റിസ് കെ.പി രാധാകൃഷ്ണ മേനോൻ, ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ, ഫാ.ഏബ്രഹാം അടപ്പൂർ, പ്രസിഡന്റ് അഡ്വ.ജോസഫ് ജെ.തോറാട്ടിൽ, സാബു ജോസ് എന്നിവർ പങ്കെടുത്തു.

### 03. ജീവിതനന്മ നേടേണ്ടത് ദൈവമാർഗത്തിലൂടെ: മാർ ജേക്കബ് മനത്തോടത്ത് (07-10-2008)

ജീവിത നന്മ സ്വായത്തമാക്കാനുള്ള പരിശ്രമമാണ് നാം സ്വീകരിക്കേണ്ടതെന്നും അത് ദൈവമാർഗത്തിലൂടെയാകണമെന്നും രൂപത ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത് പറഞ്ഞു. ഇരുമ്പകച്ചോല സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലെ പുതിയ പാരിഷ് ഹാൾ വെഞ്ചരിപ്പും ദേവാലയ തറക്കല്ലിടൽ കർമ്മവും നിർവഹിക്കുകയായിരുന്നു ബിഷപ്പ്. ദേവാലയങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും അവിടെ തിന്മകൾക്ക് സ്ഥാനമില്ലെന്നും ബിഷപ് പറഞ്ഞു. ആത്മവിശ്വാസവും അനുകമ്പയും സഹായിക്കാനുള്ള മനസുമുള്ളവർക്ക് ദൈവീക സഹായം ഉണ്ടാകും. അത് സ്വായത്തമാക്കുമ്പോൾ മാത്രമേ ജീവിതവിജയം കൈവരിക്കാൻ സാധിക്കൂ. യഥാർഥ മനുഷ്യനാകാൻ നാം എല്ലാവരും ശ്രമിക്കണമെന്നും ബിഷപ്പ് കൂട്ടിച്ചേർത്തു.

### 04. മദ്യം കേരള സംസ്കാരത്തെ തകർത്തു: മാർ ആനിക്കുഴിക്കാട്ടിൽ (6-10-2008)

കേരള സംസ്കാരത്തേയും വികസനത്തേയും തകർക്കുന്ന തിന്മയായി മദ്യം മാറിയെന്ന് ഇടുക്കി രൂപതാ ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ. കെ.സി.ബി.സി മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതാ കമ്മിറ്റി പണിക്കൻകുടിയിൽ സംഘടിപ്പിച്ച ഗാന്ധിജയന്തി അനുസ്മരണവും മദ്യവിരുദ്ധ ഉപവാസവും ഉദ്ഘാടനംചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്. സമൂഹത്തിൽ അക്രമവും അസാൻമാർഗികതയും അപകടങ്ങളും വർധിക്കുന്നതിന് മദ്യം വഴിതെളിച്ചു. ഗാന്ധിയൻ ദർശനങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കിയാൽ നിലവിലുള്ള പ്രതിസന്ധികളെ തരണംചെയ്യാനാകും - മാർ ആനിക്കുഴിക്കാട്ടിൽ പറഞ്ഞു.യോഗത്തിൽ ഫാ. ജോസഫ് പാപ്പാടി അധ്യക്ഷത വഹിച്ചു. ഫാ. ജോസ് കിഴക്കയിൽ, സിൽബി ചുനയംമാക്കൽ, ജോസ് ഇഞ്ചയിൽ, സിസ്റ്റർ ട്രീസ, ജോയി കല്ലത്ത്, റോയി പുത്തൻപുര, മേരിക്കുട്ടി ജോസ്, ടോമി മുത്തനാട്ട് എന്നിവർ പ്രസംഗിച്ചു. ഉപവാസത്തിനും മദ്യവിരുദ്ധ റാലിക്കുംശേഷം നടന്ന പൊതുസമ്മേളനം റോഷി അഗസ്റ്റിൻ എംഎൽഎ ഉദ്ഘാടനംചെയ്തു. പ്രഫ. എം.ജെ മാത്യു, ആന്റണി മുനിയറ, ഫാ. ജോസഫ് കോയിക്കക്കുടി എന്നിവർ പ്രസംഗിച്ചു.

### 05. സമാധാനത്തിന്റെ സന്ദേശ വാഹകരാകുവാൻ മരിയൻ ദർശനങ്ങൾ ഉൾക്കൊള്ളണം: മാർ ജെയിംസ് പഴയാറ്റിൽ (06 10 2008)

അസഹിഷ്ണതയുടെ ലോകത്ത് സമാധാനത്തിന്റെ സന്ദേശ വാഹകരാകുവാൻ മരിയൻ ദർശനങ്ങൾ ഉൾക്കൊള്ളുന്നവർക്കേ സാധിക്കൂവെന്ന് ഇരിങ്ങാലക്കുട രൂപത ബിഷപ് മാർ ജെയിംസ് പഴയാറ്റിൽ. ഇരിങ്ങാലക്കുട കത്തീഡ്രൽ സി.എൽ.സിയുടെ 30-ാം വാർഷികാഘോഷങ്ങൾക്ക് മുന്നോടിയായി വല്ലാർപ്പാടം ബസിലിക്ക ദേവാലയത്തിൽനിന്നും ആരംഭിച്ച മരിയൻ ജ്യോതി പ്രയാണം കത്തീഡ്രൽ ദേവാലയത്തിൽ പ്രത്യേകം സജ്ജമാക്കിയ ബലിവേദിയിൽ പ്രതിഷ്ഠിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു ബിഷപ്. മരിയൻ ദർശനങ്ങൾ ഉൾകൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നവർക്ക് മാത്രമേ ലോകത്ത് ശാന്തിയും സമാധാനവും കൈവരിക്കുവാൻ സാധിക്കൂ.

മാതാവോടുള്ള സ്നേഹവും ഭക്തിയും ആദരണീയമാണ്. വിശ്വാസത്തിന്റെ തീഷ്ണതയിൽ ജ്വലിക്കുന്ന കൈതിരികളാകുവാൻ ഓരോ ക്രൈസ്തവനും സാധിക്കണമെന്നും ബിഷപ് കൂട്ടിച്ചേർത്തു. വല്ലാർപ്പാടം ബസിലിക്ക ദേവാലയത്തിൽനിന്നും ആരംഭിച്ച ദീപശിഖ പ്രയാണം വൈകുന്നേരം അഞ്ചിന് ഇടവക അതിർത്തിയായ കോമ്പാറ ജംഗ്ഷനിൽ സ്വീകരണം നൽകി. തുടർന്ന് വിവിധ കേന്ദ്രങ്ങളിൽ നൽകിയ സ്വീകരണങ്ങൾക്കുശേഷമാണ് കത്തീഡ്രൽ ദേവാലയത്തിൽ മരിയൻ ജ്യോതി പ്രതിഷ്ഠിച്ചത്.

### 06. കെ.സി.ബി.സി പ്രോ-ലൈഫ് സമിതിസെക്രട്ടറിയേറ്റ് ധർണ നടത്തും (07 10 2008)

ജീവനെ നശിപ്പിക്കുന്നതിനു പ്രചോദനമാകുന്ന മരണ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര- സംസ്ഥാന സർക്കാരിന്റെ നീക്കങ്ങൾക്കെതിരേ ശക്തമായ പ്രതിഷേധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാൻ കെ.സി.ബി. സി ഫാമിലി കമ്മീഷൻ പ്രോ-ലൈഫ് സമിതി തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പ്രതിഷേധ പരിപാടികളുടെ തുടക്കമായി ഒക്ടോബർ 15-ന് തിരുവനന്തപുരം സെക്രട്ടറിയേറ്റിന് മുന്നിൽ ധർണ നടത്തും. രാവിലെ 9.30-ന് പാളയം മലങ്കര പള്ളിയിൽ നടക്കുന്ന പ്രാർഥനയ്ക്കു ശേഷം റാലിയായി സെക്രട്ടറിയേറ്റിനു മുന്നിലെത്തിയാണ് ധർണ. തിരുവനന്തപുരം അതിരൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജെറോം ഫെർണാണ്ടസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രോ-ലൈഫ് സമിതി സെക്രട്ടറി ഏബ്രഹാം പുത്തൻകളം വിഷയാവതരണ പ്രസംഗം നടത്തി. റീജിയണൽ കോ- ഓർഡിനേറ്റർ ജോർജ് എഫ്. സേവ്യർ, സിസ്റ്റർ കോൺസലേറ്റ് എന്നിവർ പ്രസംഗിച്ചു. ധർണയുടെ വിജയത്തിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. റവ. ഫാ. ജെറോം ഫെർണാണ്ടസ് ചെയർമാനും, ജോർജ് എഫ്. സേവ്യർ ജനറൽ കൺവീനറും, പ്രഫ. കെ.കെ ജോസഫ്, ഡോ. ഏബ്രഹാം ജേക്കബ്, മോഹൻ അലക്സ്, സിസ്റ്റർ കോൺസലേറ്റ്, മോഹൻ നെയ്യാറ്റിൻകര, നെൽസൺ, നിലിന ഏബ്രഹാം, റാണി രാജൻ, സിസ്റ്റർ ഗ്രേയ്സ്, ബ്രൈറ്റ് എന്നിവർ കൺവീനർമാരുമായി വിപുലമായ കമ്മിറ്റികൾ രൂപീകരിച്ചു.

### 07. അൽഫോൻസാമ്മ സഹനത്തിലൂടെ വിശുദ്ധിയിലേക്ക്: മാർ ദിവന്നാസിയോസ് (13 10 2008 )

സഹനത്തിലൂടെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ട പുണ്യവതിയാണ് സിസ്റ്റർ അൽഫോൻസയെന്ന് ബത്തേരി ബിഷപ്പും മിഷൻലീഗ് സംസ്ഥാന രക്ഷാധികാരിയുമായ ഗീവർഗീസ് മാർ ദിവന്നാസിയോസ് അഭിപ്രായപ്പെട്ടു.അൽഫോൻസാമ്മയെ വിശുദ്ധയായി വത്തിക്കാനിൽ പ്രഖ്യാപിക്കുന്നതിനോടനുബന്ധിച്ച് ഭരണങ്ങാനം ചാപ്പലിൽ വിശുദ്ധ കുർബാനയ്ക്കിടെ നടത്തിയ പ്രസംഗത്തിലാണ് മാർ ദിവന്നാസിയോസ് ഇങ്ങനെ അഭിപ്രായപ്പെട്ടത്. അൽഫോൻസാമ്മയുടെ മൃതസംസ്ക്കാരവേളയിൽ റോമുളൂസച്ചൻ നടത്തിയ പ്രസംഗങ്ങളിലെ വിഖ്യാത വാചകങ്ങൾ മാർ ദിവന്നാസിയോസ് അനുസ്മരിച്ചു.ഇവൾ ജീവിച്ച കന്യാമഠം ഭാഗ്യപ്പെട്ടത്. ദൈവം തുരുമനസാകുന്നുവെങ്കിൽ ഈ ഭരണങ്ങാനം ഭാരതത്തിന്റെ ലിസ്യൂ ആയി പരിണമിക്കും. സിസ്റ്റർ അൽഫോൻസാമ്മയെക്കുറിച്ച് റോമളൂസച്ചൻ നടത്തിയ ചരമ പ്രസംഗം ഇന്ന് സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. ഭാരതകത്തോലിക്കാ സഭയ്ക്ക് ഇത് അഭിമാനത്തിന്റെ നിമിഷമാണെന്നും മെത്രാപ്പോലീത്ത കൂട്ടിച്ചേർത്തു.കേരളത്തിൽ നിന്നല്ല ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും തീർത്ഥാടകർ ഇവളുടെ നിർമ്മലശരീരം ഉൾക്കൊള്ളുന്ന കുഴിമാടം സന്ദർശിക്കും. റോമളൂസച്ചൻ അൽഫോൻസാമ്മയുടെ സംസ്ക്കാരത്തോടനുബന്ധിച്ച് നടത്തിയ പ്രസംഗത്തിലെ ഓരോ വരികളും ഇന്ന് സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. 20 നൂറ്റാണ്ടിന്റെ സജീവ ക്രൈസ്തവപാരമ്പര്യമുള്ള കേരള സഭയ്ക്ക് ലഭിച്ചിരിക്കുന്ന ഏറ്റവും വലിയ ദൈവികദാനമാണ് ഈ വിശുദ്ധ പ്രഖ്യാപനം. കർത്താവിന്റെ കുരിശിന്റെ സഹനത്തിന്റെ അർത്ഥം തന്റെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് കാട്ടിക്കൊടുക്കുവാൻ അൽഫോൻസാമ്മയ്ക്ക് കഴിഞ്ഞുവെന്ന് പിതാവ് അഭിപ്രായപ്പെട്ടു.

## 08. ഫ്രാൻസീസ് അസീസി ജീവിതം സുവിശേഷമാക്കിയ വിശുദ്ധൻ: മാർ ജേക്കബ് മനത്തോടത്ത്

(06 10 2008)

സുവിശേഷം ജീവിതമാക്കുകയും ജീവിതത്തെ സുവിശേഷമാക്കുകയും ചെയ്ത വിശുദ്ധനാണ് ഫ്രാൻസീസ് അസീസിയെന്ന് ബിഷപ് മാർ ജേക്കബ് മനത്തോടത്ത് പറഞ്ഞു. മുണ്ടൂർ സീനായ് ആശ്രമത്തിൽ വിശുദ്ധ ഫ്രാൻസീസ് അസീസിയുടെ തിരുനാളിനോടനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയിൽ സന്ദേശം നല്കുകയായിരുന്നു ബിഷപ്.സ്നേഹത്തിന്റെ നിറവിൽ ലാളിത്യത്തിന്റെ ആൾരൂപമായ വിശുദ്ധ ഫ്രാൻസീസിനെ ദ്വിതീയ ക്രിസ്തു എന്നാണ് വിളിച്ചിരുന്നത്. സുവിശേഷം ജീവിതമാക്കിയപ്പോൾ അനേകർ ഫ്രാൻസീസ് അസീസിയിലൂടെ യേശുവിനെ കണ്ടെത്തി- ബിഷപ് പറഞ്ഞു.സീനായ് ആശ്രമം സുപ്പീരിയർ ഫാ. ലോട്ടസ് മലേക്കുടി, ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ബെന്നി പീറ്റർ വെട്ടിക്കനാക്കുടി, ഫാ. ഷൈജു നടുവത്താനി എന്നിവർ വിശുദ്ധ കുർബാനയിൽ സഹകാർമികത്വം വഹിച്ചു.

## 09.സമൂഹത്തിന് ശാന്തിയും നന്മയും ഉണ്ടാകുന്ന കലാരചനകൾ വേണം: ബിഷപ് ഫ്രാൻസിസ് കല്ലറയ്ക്കൽ

(14 10 2008)

സമൂഹത്തിൽ നല്ല രീതിയിലുള്ള വളർച്ചയും ശാന്തിയും സമാധാനവും ഉണ്ടാകുന്നതിന് അവരുടെ കലാരംഗത്തെ സംഭാവനകൾ ഉപകരിക്കുന്ന രീതിയിൽ രചനകൾ നടത്തണമെന്ന് കോട്ടപ്പുറം ബിഷപ് ഡോ. ഫ്രാൻസീസ് കല്ലറയ്ക്കൽ.ഭക്തിഗാന രചയിതാവായിരുന്ന ഫാ. ജേക്കബ് കല്ലറയ്ക്കലിന്റെ സ്മരണയ്ക്കായി കെ.എൽ.സി.എ കോട്ടപ്പുറം രൂപതാ സമിതി സംഘടിപ്പിച്ച ഭക്തിഗാനാലാപന മത്സരവും അവാർഡുദാനവും സിപ്പി പള്ളിപ്പുറത്തിനും ജോസഫ് പനക്കലിനും നല്കിയ സ്വീകരണ സമ്മേളനവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. ദൈവം നല്കുന്ന താലന്തുകൾ വർധിപ്പിച്ച് മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ളതാണ്. വളർന്നുവരുന്ന കലാകാരന്മാരെ വേണ്ടവിധത്തിൽ പ്രതിഭകളാക്കി ഉയർത്തുന്നതോടൊപ്പം മൂല്യങ്ങൾക്ക് അനുസരണമായി ജീവിക്കുവാനുള്ള കഴിവും ഉണ്ടാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കെ.എൽ.സി.എ സംസ്ഥാന പ്രസിഡന്റ് അഡ്വ. റാഫേൽ ആന്റണി അധ്യക്ഷത വഹിച്ചു.

## 10. അൽഫോൻസാമ്മ ഭാരതത്തിന്റെ പുണ്യ തേജസ്: ബിഷപ്പ് ഡോ. വിൻസന്റ് സാമുവൽ (4 10 2008)

സഹനത്തെ ദൈവത്തിന് അമൂല്യമായ കാഴ്ചയായി അർപ്പിച്ച് വിശുദ്ധിയുടെ കിരീടം അണിഞ്ഞ ഭാരതത്തിന്റെ പുണ്യ തേജസാണ് അൽഫോൻസാമ്മയെന്ന് നെയ്യാറ്റിൻകര ബിഷപ്പ് ഡോ. വിൻസന്റ് സാമുവൽ അനുസ്മരിച്ചു.പോങ്ങുംമൂട് ദേവാലയത്തിൽ വചന സന്ദേശം നൽകുകയായിരുന്നു ബിഷപ്പ്. അൽഫോൻസാമ്മയുടെ ജീവിതം ഉപഭോഗസംസ്കാരത്തിൽ മതിമയങ്ങുന്ന ആധുനിക ലോകത്തിന് ഉദാത്തമായ മാതൃകയാണ്. ദൈവം അനുവദിക്കുന്ന ബുദ്ധിമുട്ടുകളെ പ്രത്യാശയോടെ നേരിട്ട് ജീവിത വിജയം നേടാൻ അൽഫോൻസാമ്മ നമുക്ക് ആവേശം തരുന്നു. ഭാരത സഭയിലെ ആദ്യത്തെ വിശുദ്ധയെ അൾത്താരയിലേക്കുയർത്തുമ്പോൾ ഈ സഭയിൽനിന്ന് നൂറുകണക്കിന് വിശുദ്ധർകൂടിയുണ്ടാകട്ടെയെന്നാണ് സഭയുടെ പ്രാർഥനയും ആഗ്രഹവും. അതിനുവേണ്ടി യത്നിക്കുകയാണ് നമ്മുടെ ദൗത്യം. വചന സന്ദേശത്തിനുശേഷം ബിഷപ്പ് അൽഫോൻസാമ്മയുടെ തിരുശേഷിപ്പുയർത്തി ദൈവജനത്തെ ആശീർവദിച്ചു.

*  *  *  *